## പതിനാലാം കേരള നിയമസഭ

## 16-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.35

28.10.2019-ൽ മറുപടിയ്ക്ക്

## തീരദേശപരിപാലന നിയമം ലംഘനം

| ചോദ്യം<br>ശ്രീ.പി.ടി. തോമസ്: | | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) തീരദേശപരിപാലന നിയമം ലംഘിച്ചതിന്റെ പേരിൽ മരടിലെ അഞ്ച് ഫ്ളാറ്റ് സമുച്ചയങ്ങൾ പൊളിച്ച് നീക്കുവാൻ സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | ഉണ്ട്. നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) തീരദേശപരിപാലന നിയമം ലംഘിച്ച് വൻകിട ഫ്ളാറ്റുകൾ മരടിൽ നിർമ്മിച്ച സാഹചര്യത്തെക്കുറിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) & (സി) | ഉണ്ട്. ഇതു സംബന്ധിച്ച് ഇപ്പോൾ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. |
| (സി) സി.ആർ.ഇസഡ് മൂന്ന് സോണിൽ വരുന്ന പ്രദേശത്ത് തീരദേശപരിപാലന അതോറിറ്റിയുടെ അനുമതിയില്ലാതെ ബഹുനില ഫ്ളാറ്റുകൾ പണിയുന്നതിന് അതിന്റെ നിർമ്മാതാക്കൾക്ക് അനുമതി ലഭിച്ചത് ഏത് സാഹചര്യത്തിലാണ്; | | |

| | |
|---|---|
| (ഡി) മരട് പഞ്ചായത്ത് പ്രസ്തുത ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിരുന്നോ; പ്രസ്തുത അനുമതി നൽകിയ കാലയളവിൽ പഞ്ചായത്ത് ഭരണം ഏത് രാഷ്ട്രീയകക്ഷിക്കായിരുന്നു; | (ഡി) അനുമതി നൽകിയത് പഞ്ചായത്ത് സെക്രട്ടറിയാണ്. |
| (ഇ) സി.ആർ.ഇസഡ് സോണിൽ വരുന്ന പ്രദേശത്ത് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയില്ലാതെ ഫ്ളാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയ പഞ്ചായത്ത് ഭരണ സമിതിക്കെതിരെ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചത്; വ്യക്തമാക്കാമോ? | (ഇ) ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ബഹു. സുപ്രീംകോടതിയുടെ MA No. 1808-1809/2019 in civil appeal No.4784-4785/19, 4786-4789/19, 4790-4793/19 -ന്മേലുള്ള 27.09.2019 ലെ ഉത്തരവ് പ്രകാരം അർഹരായ ഫ്ലാറ്റ് ഉടമകൾക്ക് 4 ആഴ്ചക്കകം 25 ലക്ഷം രൂപ വീതം നൽകുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും ഇതിലേക്ക് ബഹു.റിട്ടയേർഡ് ജസ്റ്റിസ് ബാലകൃഷ്ണൻ നായർ അധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 30.09.2019 ലെ G.O (P) No.63/2019/LSGD പ്രകാരം ബഹു.റിട്ടയേർഡ് ജസ്റ്റിസ് ബാലകൃഷ്ണൻ നായർ അധ്യക്ഷനായി കമ്മിറ്റി രൂപീകരിച്ചു. 16.10.2019 ലെ സ.ഉ.(സാധാ) നം.100/2019/പരി പ്രകാരം കമ്മിറ്റിക്ക് ആവശ്യമായ സ്റ്റാഫുകളെ നിയമിച്ചു. കൂടാതെ സുപ്രീം കോടതി ഉത്തരവിൽ പരാമർശിച്ചതു പ്രകാരം സംസ്ഥാനത്തെ തീരദേശ പരിപാലന നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി 16.10.2019 ലെ സ.ഉ.(സാധാ) നം. 98/2017/പരി, 17.10.2019 ലെ സ.ഉ.(സാധാ) നം. 101/2019/പരി എന്നിവ പ്രകാരം ജില്ലാ കമ്മിറ്റികൾ രൂപീകരിച്ചു. ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനായി 24.09.2019 ലെ സ.ഉ.(സാധാ) നം.5536/2019/പൊ.ഭ.വ പ്രകാരം ഫോർട്ട് കൊച്ചി സബ് കളക്ടറായ ശ്രീ.സ്നേഹിൽ കുമാർ സിംഗിന് മരട് മുനിസിപ്പൽ സെക്രട്ടറിയുടെ അധിക ചാർജ്ജ് നൽകി. ഫ്ലാറ്റ് സമുച്ചയങ്ങൾ പൊളിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി 05.10.2019 ലെ സ.ഉ (സാധാ) നം. 2193/2019/LSGD നമ്പർ ഉത്തരവ് പ്രകാരം ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. 09.10.2019 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ (സാധാ). നം.2211/2019/LSGD പ്രകാരം കൺട്രോൾഡ് ഇംപ്ലോഷൻ വിദഗ്ധനായ Sharad.B.Sarwate യെ ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തി.

10.09.2019 തീയതിയിൽ കെട്ടിടം പൊളിച്ചു നീക്കം ചെയ്യുന്നതിനുള്ള താൽപര്യ പത്രം ക്ഷണിച്ചുകൊണ്ട് ദിനപത്രങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ചു. 03.10.2019 ന് KMRL, പൊതുമരാമത്ത് വകുപ്പ്, Pollution Control Board, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. ഫ്ലാറ്റ് പൊളിച്ച് നീക്കം ചെയ്യുന്നതിന് ഫിനാൻഷ്യൽ ബിഡ് സമർപ്പിച്ച ആറ് സ്ഥാപനങ്ങളിൽ നിന്ന് അന്തിമമായി തിരഞ്ഞെടുക്കപ്പെട്ട രണ്ട് സ്ഥാപനങ്ങളുമായി സബ്കളക്ടർ, നിയന്ത്രിത സ്ഫോടനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളിൽ പ്രാഗത്ഭ്യമുള്ള Sharad.B.Sarwate എന്നിവരുടെ സാന്നിദ്ധ്യത്തിൽ

ടെക്നിക്കൽ കമ്മിറ്റി കൂടികാഴ്ച നടത്തി. ടി യോഗത്തിൽ ഫ്ലാറ്റ് പൊളിച്ചു നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതായ കാര്യങ്ങൾ, സാങ്കേതികമായി അനുവർത്തിക്കേണ്ട നടപടികൾ, മുൻകരുതലുകൾ, ഇൻഷ്വറൻസ് സംബന്ധിച്ചുള്ള വിഷയങ്ങൾ എന്നിവ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ശുപാർശ ചെയ്യപ്പെട്ടു. ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം മരട് നഗരസഭ പരിധിയിലെ ഹോളി ഫെയ്ത്ത്, ജെയിൻ ഹൗസിംഗ്, ഗോൾഡൻ കായലോരം എന്നീ ഫ്ലാറ്റുകൾ പൊളിക്കുന്നതിനുള്ള അനുമതി എഡിഫൈസ് എൻജിനീയറിംഗ് എന്ന സ്ഥാപനത്തിനും, ആൽഫ വെൻചേഴ്സ് എന്ന ഫ്ലാറ്റിലെ രണ്ട് കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള അനുമതി വിജയ് സ്റ്റീൽസ് എന്ന സ്ഥാപനത്തിനും നൽകുന്നതിന് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തു. 11.10.2019 ൽ എറണാകുളം ജില്ലാ കളക്ടർ ഫോർട്ട് കൊച്ചി സബ്കളക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ മരട് നഗരസഭ സെക്രട്ടറിയ്ക്ക് നാല് ഫ്ലാറ്റുകളും ഔദ്യോഗികമായി കൈമാറി. ഫ്ലാറ്റ് പൊളിക്കലുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുന്നതിനായി 16.10.2019 ന് ജെയിൻ ഹൗസിംഗ് എന്ന ഫ്ലാറ്റ് എഡിഫൈസിനും, ആൽഫ സെറിൻ എന്ന ഫ്ലാറ്റിലെ ഒരു ടവർ വിജയ് സ്റ്റീൽസിനും കൈമാറി.

ബഹു. ജസ്റ്റിസ് ബാലകൃഷ്ണൻ നായർ കമ്മിറ്റി 134 ഫ്ലാറ്റ് ഉടമകൾക്ക് നഷ്ട പരിഹാരം നൽകുന്നതിന് ശുപാർശ നൽകി. 21.10.2019 ലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.8298/2019/ധന പ്രകാരം 38 ഫ്ലാറ്റുടമകൾക്ക് നഷ്ടപരിഹാരമായി മൊത്തം 6,98,72,287 /- രൂപയും 22.10.2019 ലെ സ.ഉ (സാധാ) നം. 8321/2019/ധന പ്രകാരം 23 ഫ്ലാറ്റുടമകൾക്ക് നഷ്ടപരിഹാരമായി 3,88,57,375/- രൂപയും നൽകി. ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ